Passed on: 15/12/15

# 2015-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ

(നിയമസഭ പാസ്സാക്കിയ പ്രകാരമുള്ളത്)

## 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള

## ഒരു

## ബിൽ

പീഠിക.—2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്റ്റ് ഇനി പറയുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയാറാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2015-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2009 ഫെബ്രുവരി 24-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 3-ാം വകുപ്പിനുള്ള ഭേദഗതി.—2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്റ്റിലെ (2009-ലെ 10) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക), 3-ാം വകുപ്പിൽ, (4)-ാം ഉപവകുപ്പിൽ, (എ) ഖണ്ഡത്തിനുശേഷം, ഇനി പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(എഎ) അൻപത്തിയഞ്ച് വയസ്സ് പൂർത്തിയായിട്ടുള്ളതും എന്നാൽ അറുപത് വയസ്സ് പൂർത്തിയാകുന്നതിനു മുൻപ് നിധിയിൽ അംഗമാവുകയും അഞ്ചുവർഷത്തിൽ കുറയാതെ അംശദായം അടയ്ക്കുകയും ചെയ്തിട്ടുള്ളതുമായ അംഗങ്ങൾക്കും കല്പിതാംഗങ്ങൾക്കും പെൻഷൻ നല്കുന്നതിന്;".

3. 6-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിന്റെ 6-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിൽ, "55 വയസ്സ്" എന്ന അക്കത്തിനും വാക്കിനും പകരം "അറുപത് വയസ്സ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

KNPP. 1293/2015.

(ii) (2)-ാം ഉപവകുപ്പിൽ, "55 വയസ്സ്" എന്ന അക്കത്തിനും വാക്കിനും പകരം "അറുപത് വയസ്സ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(iii) (7)-ാം ഉപവകുപ്പിന് ശേഷം, ഇനി പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(8) ഒരംഗത്തിന്റെ അംഗത്വ കാലയളവ് ക്ഷേമപദ്ധതിയിൽ അംഗമായി ചേരുന്ന തീയതി മുതൽ അറുപത് വയസു വരെയോ പെൻഷന് അർഹത നേടുന്ന തീയതി വരെയോ ഏതാണ് രണ്ടാമതു വരുന്നത് അതുവരെയായിരിക്കും.".

4. <u>8-ാം വകുപ്പിനുള്ള ഭേദഗതി.</u>—പ്രധാന ആക്റ്റിന്റെ 8-ാം വകുപ്പിൽ, (1)-ാം ഉപവകുപ്പിൽ, "അൻപത്തിയഞ്ച് വയസ്സ്" എന്ന വാക്കുകൾക്ക് പകരം "അറുപത് വയസ്സ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

5. <u>സാധൂകരണം.</u>—പ്രധാന ആക്റ്റിലും അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലും പദ്ധതിയിലും എന്തുതന്നെ അടങ്ങിയിരുന്നാലും, 2009 ഫെബ്രുവരി 24-ാം തീയതി മുതൽ ഈ ആക്റ്റ് ഗസറ്റിൽ പ്രസിദ്ധീകരിച്ച തീയതി വരെയുള്ള കാലയളവിൽ, അൻപത്തിയഞ്ച് വയസ്സ് പൂർത്തിയായിട്ടുള്ളതും എന്നാൽ അറുപത് വയസ്സ് പൂർത്തിയാകുന്നതിന് മുൻപ് നിധിയിൽ അംഗമാകുന്നതിന് അപേക്ഷ നൽകിയിട്ടുള്ളതുമായ ഏതൊരാൾക്കും അംഗത്വം നൽകുകയും അപ്രകാരം ആനുകൂല്യങ്ങൾ നൽകുകയും ചെയ്തതുമായി ബന്ധപ്പെട്ട എല്ലാ നടപടികളും, അപ്രകാരം നൽകിയിട്ടുള്ള അംഗത്വവും ആനുകൂല്യങ്ങളും, ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ സാധുതയോടെ എടുത്തതായും നൽകിയതായും കരുതപ്പെടേണ്ടതും അവ സംബന്ധിച്ച് എടുത്തിട്ടുള്ള യാതൊരു നടപടിയും യാതൊരു കോടതിയിലോ മറ്റ് അധികാര സ്ഥാനങ്ങളിലോ ചോദ്യം ചെയ്യപ്പെടാൻ പാടില്ലാത്തതുമാകുന്നു.

---